**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1411** **07-02-2023 - ൽ മറുപടിയ്ക്ക്**

**ലഹരി വിരുദ്ധ ക്യാമ്പയിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ എന്തൊക്കെയാണെന്നും ഓരോന്നിനും ചെലവഴിച്ച തുക എത്രയാണെന്നും വിദ്യാഭ്യാസ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ? | (എ) | ലഹരിവിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>സ്കൂൾ പി.ടി.എ പ്രസിഡന്റ് അദ്ധ്യക്ഷനായും പ്രധാനാദ്ധ്യാപകൻകൺവീനറായും ജനജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>എല്ലാ അദ്ധ്യാപകർക്കും, രക്ഷിതാക്കൾക്കും, കുട്ടികൾക്കും ലഹരിവിരുദ്ധ ബോധവത്കരണത്തിന്റെ ഭാഗമായി ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചിട്ടുണ്ട്.<br><br>ജനജാഗ്രത സമിതിയുടെ നിരീക്ഷണത്തിൽ ലഹരി പദാർത്ഥങ്ങൾ ക്ലാസ്സിനുള്ളിൽ എത്തുന്നില്ല എന്ന് ഉറപ്പുവരുത്തുന്നുണ്ട്.<br><br>ലഹരി വിരുദ്ധ തീവ്രയജ്ഞ പരിപാടിയുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2022 നവംബർ 1 ന്<br><br>വൈകിട്ട് ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി തലത്തിൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സംസ്ഥാന വ്യാപകമായി ലഹരിവിരുദ്ധ ശൃംഖല തീർത്തിട്ടുണ്ട്.<br><br>ലഹരിവിരുദ്ധ തീവ്രയജ്ഞ പരിപാടിയുടെ സംസ്ഥാനതലഉദ്ഘാടനം ബഹു:മാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരം ജില്ലയിൽ<br><br>നിർവ്വഹിക്കുകയും ഏകദേശം 25000/- വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച്കൊണ്ട് തിരുവനന്തപുരം ഗാന്ധി പാർക്ക് മുതൽ അയ്യങ്കാളി സ്ക്വയർവരെ ലഹരിവിരുദ്ധ ശൃംഖല അണിചേരുകയും ലഹരി വിരുദ്ധപ്രതിജ്ഞ നടത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ലഹരിമുക്ത തീവ്രയജ്ഞ പരിപാടിയുടെ രണ്ടാംഘട്ട പ്രവർത്തനം നവംബർ 14 മുതൽ ജനുവരി 26 വരെ നടക്കുകയുണ്ടായി.<br><br>ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ടാംഘട്ട പരിപാടി നവംബർ 14 ന് കൈറ്റ് വിക്ടേഴ്സ് ചാനൽ മുഖേന വിദ്യാർത്ഥികളെ അഭിസംബോധനചെയ്തുകൊണ്ട് സംസാരിക്കുക യുണ്ടായി. നിലവിൽ ലഹരിവിരുദ്ധപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തു ന്നതിന്റെ ഭാഗമായി തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.മേൽ പ്രവർത്തനങ്ങൾക്കായിചെലവായ തുക സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ